നെൽവയലുകളുടെ നിലവിളി

➪ കേവലമായ സംഖ്യകൾ പരിശോധിച്ചാൽ ഈ വാദം ശരിയാണെന്ന് തോന്നും ➪

# വികസനത്തിന് വഴിമാറുന്ന വയലുകൾ

കേരളത്തിന്റെ ഭക്ഷ്യസുരക്ഷയെ നിർണ്ണായകമാം വിധം അപകടത്തിലാക്കിക്കൊണ്ടാണ് നമ്മുടെ നെൽവയൽ നാശത്തിന്റെ ഗതി മുന്നോട്ടുപോയത്. മുഖ്യാഹാരമായ നെല്ലരി ആകെ ആവശ്യമുള്ളതിന്റെ 78 ശതമാനത്തിൽ അധികം ഉത്പാദിപ്പിക്കാൻ നമുക്ക് സാദ്ധ്യതയുണ്ടായിരുന്നു. കേരളത്തിൽ അത് 14 ശതമാനം ആയി കുറഞ്ഞതിന്റെ കാരണം നമ്മുടെ തെറ്റായ വികസന നയമല്ലാതെ മറ്റൊന്നുമല്ല.

**ജോജി കൂട്ടുമ്മേൽ**

**1956** മാർച്ചിൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് കേരളത്തിലെ ആകെ നെല്ലുത്പാദനം 8.69 ലക്ഷം ടൺ ആയിരുന്നു. 18.76 ലക്ഷം ഏക്കറിലാണ് അക്കൊല്ലം കൃഷി ചെയ്തത്. ഏഴ് മാസം കഴിഞ്ഞ് നവംബർ ഒന്നിന് കേരളസംസ്ഥാനം നിലവിൽ വന്നു. 1957 മാർച്ച് 31ന് അവസാനിച്ച വർഷം നെല്ലുത്പാദനത്തിൽ നേരിയ വർദ്ധനവ് ഉണ്ടായി, 8.79 ലക്ഷം ടൺ. അക്കൊല്ലം ഏപ്രിൽ അഞ്ചിനാണ് ഇ.എം.എസ്. മുഖ്യമന്ത്രിയായി ആദ്യമന്ത്രിസഭ അധികാരമേറ്റെടുത്തത്. കാർഷികരംഗത്ത് നിരവധി പരിഷ്കാരങ്ങൾ ആ സർക്കാർ തുടങ്ങിവച്ചു. പുതിയ സർക്കാരിന്റെ ആദ്യത്തെ ഓർഡിനൻസ് കുടിയിറക്ക് നിരോധന നിയമത്തിന്റേതായിരുന്നു. ഇതൊരു വശം. മറുവശത്ത് പ്രതിഷേധത്തിന്റെ മുറുമുറുപ്പ് ആരംഭിച്ചിരുന്നു. ഭൂപരിഷ്ക്കരണത്തെക്കൂടി മുൻനിർത്തി വിമോചനസമരത്തിന്റെ കേളികൊട്ട് തുടങ്ങി. കേരളത്തിന്റെ കാർഷികരംഗം സംഘർഷത്തിലേയ്ക്ക് നീങ്ങുകയായിരുന്നു എന്നർത്ഥം. ആ സംഘർഷത്തിന്റെ നടുവിലും കേരളത്തിന്റെ നെല്ലുത്പാദനം കുത്തനെ ഉയർന്നു. 1957–58 വർഷം 9.10ലക്ഷം ടൺ നെല്ലായിരുന്നു ഉത്പ്പാദിപ്പിച്ചത്. ഇ.എം.എസ് മന്ത്രിസഭ പുറത്താക്കപ്പെട്ടത് 1959 ജൂലൈ 31ന് ആയിരുന്നു. ആ വർഷം അവസാനിച്ചപ്പോൾ നെല്ലുത്പപ്പാദനം 9.58ലക്ഷം ടൺ ആയി പിന്നെയും ഉയർന്നു. ഇതിനർത്ഥം കാർഷികരംഗത്ത് നടക്കുന്ന പുരോഗമനോന്മുഖമായ രാഷ്ട്രീയ പരിഷ്കാരങ്ങൾ ഉത്പാദനവർദ്ധനവിനെ സഹായിക്കും എന്നാണ്. 1955–56 മുതൽ 59–60 വരെയുള്ള നെല്ലുത്പാദനത്തിന്റെ വളർച്ചയുടെ കണക്കുകൾ ഈ വസ്തുത കൂടുതൽ വ്യക്തമാക്കും **(പട്ടിക 1)**.

1960ലെ അരിയുടെ ആവശ്യകത 16.50 ലക്ഷം ടണ്ണായി മുൻകൂട്ടി കണക്കാക്കിയിരുന്നു. അക്കൊല്ലത്തെ ഉത്പാദനമാകട്ടെ 10,50,721 ടൺ ആയിരുന്നു. ആകെ ആവശ്യകതയുടെ 63.69 ശതമാനം. ഈ കണക്കിനെ പൊതുവിൽ ഋണാത്മകമായാണ് കേരളപ്പിറവിയുടെ അറുപത് വർഷത്തിന് ശേഷമുള്ള രാഷ്ട്രീയനേതൃത്വം പരാമർശിക്കാറുള്ളത്. കേരളപ്പിറവിയുടെ തുടക്കംമുതൽ തന്നെ കേരളത്തിനാവശ്യമായ നെല്ല് ഉത്പാദിപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വാദമാണ് ഇക്കാര്യത്തിൽ പലപ്പോഴും കേൾക്കുന്നത്. കേവലമായ സംഖ്യകൾ പരിശോധിച്ചാൽ ഈ വാദം ശരിയാണെന്ന് തോന്നും. എന്നാൽ വിശദമായ ചില കണക്കുകൾ കൂടി നോക്കൂ. കൃഷി ഡയറക്ടറേറ്റ് 2016ൽ പ്രസിദ്ധീകരിച്ച ഒരു പഠനം അനുസ

⇨ പല സംസ്ഥാനങ്ങളും ഉത്പാദനക്ഷമതയിൽ കേരളത്തെക്കാൾ ഏറെ മുന്നിലാണെന്ന് കാണാം ⇨

**പട്ടിക I**

**കേരളത്തിലെ നെല്ലുത്പാദനം 1955-56മതൽ 59-60 വരെ.**

| വർഷം | വയൽവിസ്തൃതി ലക്ഷം ഏക്കർ | ശരാശരി ഉത്പ്പാദനം lbs | ആകെ ഉത്പ്പാദനം ലക്ഷം ടൺ |
|---|---|---|---|
| 1955-56 | 18.76 | - | 8.67 |
| 56-57 | 18.83 | 1039 | 8.73 |
| 57-58 | 18.95 | 1076 | 9.10 |
| 58-59 | 18.99 | 1108 | 9.39 |
| 59-60 | 19.00 | 1205 | 9.58 |

(സാമ്പത്തിക അവലോകനം 1959,1960)

രിച്ച് 1970-71 ൽ കേരളത്തിലെ വിളവിസ്തൃതി 8.75 ലക്ഷം ഹെക്ടർ ആയിരുന്നു. ഉത്പാദന ക്ഷമത ഹെക്ടറിൽ കണക്കാക്കിയാൽ 1483 കി.ഗ്രാമും ആകെ ഉത്പാദനം 12.98 ലക്ഷം ടണ്ണുമായിരുന്നു എന്ന് കിട്ടും. 2016 മാർച്ച് 31ന് അവസാനിച്ച സാമ്പത്തികവർഷത്തിൽ കേരളത്തിലെ നെൽവയലുകളുടെ ഉത്പാദനക്ഷമത ഹെക്ടറിന് 2790 കി.ഗ്രാം ആണ്. 1970-71 ലെ വിളവിസ്തൃതി നിലനിന്നിരുന്നുവെങ്കിൽ കേരളത്തിന്റെ ആകെ നെല്ലുത്പാദനം 24.44 ലക്ഷം ടൺ ആകുമായിരുന്നു. എന്നാൽ അത് വെറും 5.44 ലക്ഷം ടൺ മാത്രമായിരുന്നു. ഉത്പാദനക്ഷമത ഇരട്ടിയിലധികമായി വർദ്ധിച്ചിട്ടും യഥാർത്ഥത്തിൽ ഉണ്ടായ ആകെ ഉത്പാദനം, സാദ്ധ്യമാകുമായിരുന്നതിന്റെ നാലിൽ ഒന്നിനേക്കാൾ 67,000 ടൺ കുറവാണ്. 2017-18 ൽ ആവശ്യമായിരുന്ന അരിയുടെ അളവ് മുമ്പേ കണക്ക് കൂട്ടിയിരുന്നത് 31.03 ലക്ഷം ടൺ എന്നാണ്. ഇതിന്റെ 78.76 ശതമാനം നെല്ലും നമുക്ക് ഉത്പാദിപ്പിക്കാമായിരുന്നു. നെല്ല് അരിയായി മാറുമ്പോഴുള്ള കുറവ് ഉണ്ടാകും എന്നത് മറക്കുന്നില്ല. എന്നാൽ നമ്മൾ യഥാർത്ഥിൽ ഉത്പാദിപ്പിച്ചത് ആകെ ആവശ്യമായതിന്റെ 14.08 ശതമാനം മാത്രമാണ്. യഥാർത്ഥത്തിൽ ഭക്ഷ്യസ്വയംപര്യാപ്തതയുടെ കാര്യത്തിൽ ഇന്നത്തേതിനേക്കാൾ എത്രയോ മുന്നേറാമായിരുന്നു നമുക്ക്. ഇനി ഇതേ കാലത്ത് ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളുടെ നെല്ലുത്പാദനത്തിലെ വിശദാംശങ്ങൾ പരിശോധിച്ചാൽ പല സംസ്ഥാനങ്ങളും ഉത്പാദനക്ഷമതയിൽ കേരളത്തെക്കാൾ ഏറെ മുന്നിലാണെന്ന് കാണാം.

ഉത്പാദനക്ഷമതയിൽ ഇന്ത്യയിൽ ആറാം സ്ഥാനത്താണ് കേരളം. ഒന്നാം സ്ഥാനത്തുള്ള പഞ്ചാബിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 3952 കി.ഗ്രാം ആണ്. 1970-71ലെ വിളവിസ്തൃതിയും 2015-16 ലെ പഞ്ചാബിന്റെ ഉത്പാദനക്ഷമതയും സാദ്ധ്യമാകുമായിരുന്നെങ്കിൽ കേരളത്തിന്റെ നെല്ലുത്പാദനം 34.85 ലക്ഷം ടൺ ആയി ഉയരുമായിരുന്നു എന്നതാണ് മറ്റൊരു സാദ്ധ്യത. പഞ്ചാബിന്റെ ഉത്പാദനക്ഷമത കേരളത്തിൽ കിട്ടില്ല എന്നില്ലല്ലോ? ആധുനിക കൃഷിരീതിയും സാങ്കേതികവിദ്യയുമാണ് അവരുടെ ഉത്പ്പാദനക്ഷമതാവർദ്ധനവിന്റെ കാരണം. ഇതിൽനിന്ന് മനസ്സിലാകുന്നത്, ഒന്നാമതായി കേരളത്തിൽ മതിയായ അളവിൽ നെൽപ്പാടങ്ങളുണ്ടായിരുന്നു. രണ്ടാമതായി ഉത്പാദനക്ഷമത കുറഞ്ഞ കാലത്ത് ആധുനിക കൃഷിരീതിയിലുള്ള അജ്ഞതയും, ഉത്പാദനക്ഷമത വർദ്ധിപ്പിച്ച് കേരളത്തിന്റെ ഭക്ഷ്യസ്വയംപര്യാപ്തത നേടാനാവുമെന്ന ശുഭപ്രതീക്ഷ ഇല്ലാതെ പോയതും, കൃഷിയെ അടിസ്ഥാനമാക്കിയുള്ള ഉത്പാദനാധിഷ്ഠിതമായ വികസനനയത്തിന് രൂപം കൊടുക്കാൻ കഴിയാതെ പോയതുമാണ് ഇന്നത്തെ പ്രതിസന്ധിയുടെ കാരണം. ഇപ്പോഴാകട്ടെ നെൽവയലുകളോട് നമ്മുടെ വികസനാസൂത്രകർ കടുത്ത അവഗണനയാണ് കാട്ടുന്നത്. വരും വർഷങ്ങളിൽ ഈ പ്രവണത കൂടുതൽ കടുത്ത പ്രതിസന്ധി സൃഷ്ടിക്കും.

2029-30ൽ കേരളത്തിന്റെ പ്രതീക്ഷിത ജനസംഖ്യ 365.06 ലക്ഷം ആണ്. വാർഷിക പ്രതിശീർഷ അരിയുടെ ഉപഭോഗം 90.47കി.ഗ്രാം എന്ന് കണക്കാക്കിയിരിക്കുന്നു. ഇതനുസരിച്ച് 2029-30ൽ കേരളത്തിന് ആവശ്യമായി വരുന്ന അരി 33.03 ലക്ഷം ടൺ ആയിരിക്കും. (വിശദമായ കണക്കുകൾ തുടർന്ന് നൽകുന്നുണ്ട്). ഇത് 2016-17ലെ ഉത്പാദനത്തിന്റെ ഏഴര മടങ്ങിനേക്കാൾ കൂടുതലാണ്. എന്നാൽ 34.85 ലക്ഷം ടൺ നെല്ല് ഉത്പാദിപ്പിക്കാനുള്ള സാദ്ധ്യത കളഞ്ഞുകുളിച്ചവരാണ് നമ്മൾ. 2029-30 വരെയുള്ള കേരളത്തിന്റെ പ്രതീക്ഷിത ജനസംഖ്യയും നെല്ലിന്റെ വാർഷിക ആവശ്യകതയും **പട്ടിക 2** ൽ കാണിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. ഒരു വശത്ത് ഉത്പാദനക്ഷമത കുത്തനെ ഉയരുന്നു. ഒപ്പം ജനസംഖ്യയും ആവശ്യകതയും ഉയരുന്നു. എന്നാൽ ഉത്പാദനക്ഷമത ഉയരുന്നതിനെ അപ്രസക്തമാക്കിക്കൊണ്ട് മൊത്തം നെല്ലുത്പാദനം കുത്തനെ കുറയുകയാണ് എന്ന് കണക്കുകൾ കാണിക്കുന്നു. ഇത് നെൽവയലുകളുടെ വിസ്തൃതി കുറയുന്നത് കൊണ്ട് മാത്രമാണ്. കേരളത്തിലെ നെൽവയൽ നാശത്തിന്റേയും നെല്ലുത്പാദനത്തിൽ വന്ന കുറവിന്റേയും കണക്കുകൾ **പട്ടിക 3**ൽ കാണിച്ചിരിക്കുന്നത് നോക്കുക.

ഈ വിശകലനങ്ങളിൽ രണ്ട് ദൗർബല്യ

**പട്ടിക II.**
**കേരളത്തിലെ പ്രതീക്ഷിത ജനസംഖ്യയും വാർഷിക അരി ആവശ്യകതയും**
**പ്രതിവർഷം പ്രിശീർഷം ആവശ്യകത90.47കി.ഗ്രാം എന്ന കണക്കിൽ**

| വർഷം | പ്രതീക്ഷിത ജനസംഖ്യ ലക്ഷം. | വാർഷിക അരി ആവശ്യകത ലക്ഷം ടൺ |
|---|---|---|
| 2019-20 | 347.96 | 31.48 |
| 20-21 | 349.64 | 31.63 |
| 21-22 | 351.32 | 31.79 |
| 22-23 | 353.01 | 31.94 |
| 23-24 | 354.71 | 32.09 |
| 24-25 | 356.41 | 32.25 |
| 25-26 | 358.13 | 32.40 |
| 26-27 | 359.85 | 32.56 |
| 27-28 | 361.58 | 32.71 |
| 28-29 | 363.32 | 32.87 |
| 29-30 | 365.06 | 33.03 |

(Analytical study on Agriculture in Kerala with changes in area and production from 1955-56 to 2014-15 by monitaring and evaluation division,Diretorate of Agriculture , Thiruvananthapuram, January 2016)

കേരള ലാൻഡ് യൂസ് ബോർഡിൻറെ ഒരു വിലയിരുത്തൽ പ്രകാരം 2,04,361 ഹെക്ടർ നെൽപ്പാടങ്ങൾ 2005 വരെ നികന്നു പോയിട്ടുണ്ട്. അവശേഷിക്കുന്നവയുടെ വിസ്തീ ർണ്ണം 2,92,089 ഹെക്ടർ ആയി ചുരുങ്ങുകയും ചെയ്തു. 2018 ൽ എത്ര ബാക്കിയുണ്ടാവും? 2015–16ൽ ആകെ കൃഷി ചെയ്തത് 1.97 ലക്ഷം ഹെക്ടറിലാണ്. 2016–17 ൽ 1.71 ലക്ഷം ഹെക്ടറായി വീണ്ടും കുറഞ്ഞു. ഇരുപ്പൂ ചെയ്യുന്ന ഭൂമിയുടെ വിസ്തീർണം വളരെ കുറഞ്ഞു. മുപ്പൂ കൃഷി കണി കാണാൻ പോലുമില്ല!

ങ്ങൾ അടങ്ങിയിട്ടുണ്ട്. ഒന്ന് വയൽ വിസ്തൃതി എന്ന് നമ്മൾ പറഞ്ഞിരിക്കുന്നതെല്ലാം വിളവിസ്തൃതിയാണ്. വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നിങ്ങനെ മുന്ന് പൂവുകളായി നടക്കുന്ന കൃഷിയുടെ ആകെ വിസ്തൃതിയാണ് വയൽവിസ്തൃതിയായി കണക്കാക്കുന്നത്. ഒരേ നിലം തന്നെ ഒന്നിലധികം പൂവുകൾ കൃഷി ചെയ്താൽ അവിടെയൊക്കെ അത് പട്ടികയിൽ വരും. ഇത് സംബന്ധിച്ച് കാർഷിക ശാസ്ത്രജ്ഞനായ ഡോ.സി. ജോർജ്ജ് തോമസ് ഇങ്ങനെ അഭിപ്രായപ്പെടുന്നു.“1970 കളിൽ ആകെ 5,09,133 ലക്ഷം ഹെക്ടർ വയലുകൾ ഉണ്ടായിരുന്നുവെന്നാണ് റവന്യുരേഖകൾ. ഇത് പ്രകാരമാണ് അകെ 5 ലക്ഷം ഹെക്ടർ എന്ന് പറഞ്ഞുകൊണ്ടിരുന്നത്. പി.സി.സഹദേവൻ 1966 ൽ എഴുതിയ ‘റൈസ് ഇൻ കേരള’ എന്ന പുസ്തകത്തിൽ 2.02 ലക്ഷം ഹെക്ടർ ഒരുപ്പൂ നിലങ്ങളും, 2. 92 ലക്ഷം ഹെക്ടർ ഇരുപ്പൂ നിലങ്ങളും 0.06 ലക്ഷം ഹെക്ടർ മുപ്പൂ നിലങ്ങളും എന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെ 5.00 ലക്ഷം ഹെക്ടർ. രണ്ടു കൃഷി ചെയ്യുന്ന ഇരുപ്പൂ നിലങ്ങളിലെയും മൂന്ന് കൃഷി ചെയ്യുന്ന മുപ്പൂ നിലങ്ങളിലെയും കൃഷിയുടെ ആകെ വിസ്തീർണം, അതായത്, വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നീ മൂന്നു കൃഷിക്കാലങ്ങളും കൂട്ടിയാണ് നെല്ല് 8.81 ലക്ഷം ഹെക്ടറിൽ വരെ കൃഷി ചെയ്തിരുന്നു എന്നു പറയുന്നത്. പക്ഷെ, അസ്സൽ വിസ്തീർണം 5 ലക്ഷം ഹെക്ടർ തന്നെ! ഈ 5 ലക്ഷം ഹെക്ടറിൽ എത്രമാത്രം പാടമാണ് യഥാർത്ഥത്തിൽ മാറ്റപ്പെട്ടു പോയിരിക്കുന്നതെന്ന് കൃത്യമായ കണക്കില്ല. കേരള ലാൻഡ് യൂസ് ബോർഡിന്റെ ഒരു വിലയിരുത്തൽ പ്രകാരം 2,04,361 ഹെക്ടർ നെൽപ്പാടങ്ങൾ 2005 വരെ നികന്നു പോയിട്ടുണ്ട്. അവശേഷിക്കുന്നവയുടെ വിസ്തീർണ്ണം 2,92,089 ഹെക്ടർ ആയി ചുരുങ്ങുകയും ചെയ്തു. 2018 ൽ എത്ര ബാക്കിയുണ്ടാവും? 2015–16ൽ അകെ കൃഷി ചെയ്തത് 1.97 ലക്ഷം ഹെക്ടറിലാണ്. 2016–17 ൽ 1.71 ലക്ഷം ഹെക്ടറായി വീണ്ടും കുറഞ്ഞു. ഇരുപ്പൂ ചെയ്യുന്ന ഭൂമിയുടെ വിസ്തീർണം വളരെ കുറഞ്ഞു. മുപ്പൂ കണി കാണാൻ പോലുമില്ല! തരിശിടൽ പ്രവണത വർധിച്ചുവരുന്നു. എന്തായാലും അവശേഷിക്കുന്ന നെൽപ്പാടങ്ങൾ 2 ലക്ഷത്തിനു മുകളിൽ വരാനുള്ള സാധ്യത കാണുന്നില്ല.”

എന്താണ് ഇതിന്റെയർത്ഥം? 2017–18 ലെ 1.71ലക്ഷം ഹെക്ടർ നെൽവയൽ യഥാർത്ഥത്തിൽ ഉള്ളതാകണമെന്നില്ല. അതിൽ ഒന്നിലധികം പൂവു കൃഷി ചെയ്യുന്ന കൃഷിയിടങ്ങൾ കണ്ടേക്കാം. രണ്ടാമത്തേത് 1980–81ന് ശേഷം നെൽവയൽ വിസ്തൃതിയിൽ കുത്തനെയുള്ള ഇടിവ് കാണിക്കുന്നു എന്നുള്ളതാണ്. ഈ കുറവ് മുഴുവൻ നിലം നികത്തപ്പെട്ടത് ആവണമെന്നില്ല, കൃഷി ചെയ്യാതെ ഭൂമി തരിശിട്ടാലും വയൽ വിസ്തൃതിയിൽ കുറവ് വരാം. യഥാർത്ഥത്തിൽ എത്ര ഭൂമി നികത്തപ്പെട്ടു എന്ന് കണ്ടെത്തുക എളുപ്പമല്ല. എന്നാൽ 1980–81 ന് ശേഷം പശ്ചാത്തല വികസനത്തിനും ഭവനനിർമ്മാണത്തിനുംവേണ്ടി വലിയതോതിൽ ഭൂമി നികത്തപ്പെട്ടിട്ടുണ്ട്. കൂടാതെ മറ്റ് കൃഷികൾക്ക് വേണ്ടി പുരയിടമായി പരിവർത്തിപ്പിക്കുന്നതിനും വയൽ നികത്തിയിട്ടുണ്ട്. 1990ന് ശേഷം വിനോദസഞ്ചാര വ്യവസായം പോലെയുള്ള പുതുതലമുറ വികസന പദ്ധതികൾക്ക് വേണ്ടിയും നിലംനികത്തുന്ന

ത് വർദ്ധിച്ചു. ഇക്കാലത്ത് കൃഷി ചെയ്യുന്ന വയൽ നികത്തുമ്പോൾ നിയമപരമായും രാഷ്ട്രീയമായും വലിയ എതിർപ്പുകൾ ഉണ്ടാകാൻ തുടങ്ങി. 1997ജൂൺ 9ന് കുട്ടനാട്ടിലെ മങ്കൊമ്പിൽ ചേർന്ന സമരപ്രഖ്യാപന കൺവെൻഷനിൽ വച്ച് കേരള സ്റ്റേറ്റ് കർഷകത്തൊഴിലാളി യൂണിയൻ നെൽവയൽ സംരക്ഷണസമരം ആരംഭിച്ചു. നികത്തപ്പെടുന്ന വയൽ ബലപ്രയോഗത്തിലൂടെ പൂർവ്വസ്ഥിതിയിലാക്കിക്കൊണ്ടാണ് സമരം മുന്നേറിയത്. ഭൂ ഉടമകളും വലതുപക്ഷ മാദ്ധ്യമങ്ങളും 'വെട്ടിനിരത്തൽ സമരം' എന്ന് വിശേഷിപ്പിച്ചുകൊണ്ടാണ് സമരത്തെ നേരിട്ടത്. സമരം ശക്തമായി മുന്നോട്ടുപോകുകയും കേരളത്തിന്റെ രാഷ്ട്രീയമണ്ഡലത്തിൽ അതുവലിയ ചർച്ചയാവുകയും ചെയ്തു. പക്ഷേ ഇക്കാലത്തും നെൽവയലിന്റെ  വിസ്തൃതി കൂടിയില്ലെന്നത് വേറെ കാര്യം. പറഞ്ഞുവന്നത് അതല്ല, കൃഷി ചെയ്യുന്ന വയൽ നികത്തിയാൽ മേൽപ്പറഞ്ഞ തരത്തിൽ വലിയ പ്രതിഷേധം ഉണ്ടാകും. അതിനാൽ നികത്താൻ ഉദ്ദേശിക്കുന്ന സ്ഥലം ആദ്യം തരിശിടുകയും ഏതാനും വർഷങ്ങൾക്ക്ശേഷം നികത്തുകയും ചെയ്യുക എന്ന രീതിയാണ് നിലം നികത്തലുകാർ സ്വീകരിക്കുന്നത്. അതുകൊണ്ട് തരിശിടൽ എന്നത് പൊതുവിൽ നികത്തിയതിന് സമാനമായിത്തന്നെ കണക്കാക്കാം.

**പട്ടിക III.കേരളത്തിലെ  നെൽവയൽ വിസ്തൃതിയും ഉത്പാദനവും**

| വർഷം | വിളവിസ്തൃതി ലക്ഷം ഹെക്ടർ | ഉത്പ്പാദനം ലക്ഷം ടൺ | ഉത്പ്പാദനക്ഷമത കി.ഗ്രാം /ഹെക്ടർ |
|---|---|---|---|
| 1960-61 | 7.90 | 10,50 | 1370 |
| 65-66 | 8.02 | 9.97 | |
| 70-71 | 8.75 | 12.98 | 1481 |
| 75-76 | 8.76 | 13.29 | 1517 |
| 80-81 | 8.02 | 12.71 | 1590 |
| 85-86 | | 12.56 | 1729 |
| 90-91 | 5.59 | 10.87 | 1940 |
| 95-96 | 4.71 | 9.53 | 1959 |
| 2000-01 | 3.47 | 7.51 | 2162 |
| 05-06 | 2.75 | 6.29 | 2285 |
| 10-11 | 2.13 | 5.22 | 2452 |
| 12-13 | 1.97 | 5.08 | 2577 |
| 13-14 | 1.99 | 5.64 | 2827 |
| 14-15 | 1.98 | 5,62 | 2837 |
| 15-16 | 1.96 | 5.49 | 2790 |
| 16-17 | 1.71 | 4.37 | 2550 |

(സാമ്പത്തിക അവലോകനം,വിവിധ വർഷങ്ങളിൽ)

നെല്ല് ഉത്പാദനവുമായി ബന്ധപ്പെട്ട്  ഒരു കണക്ക് കൂടി പറയാനുണ്ട്. 2013-14 ലെ കണക്കനുസരിച്ച് ഇന്ത്യയിൽ ഏറ്റവും കൂടുതൽ നെല്ല് ഉത്പാദിപ്പിച്ചത് പശ്ചിമബംഗാൾ ആണ്. ഇന്ത്യയിലെ ആകെ ഉത്പാദനത്തിന്റെ 14.37 ശതമാനം ആയിരുന്നു പശ്ചിമബംഗാളിന്റെ പങ്ക്. രണ്ടാം സ്ഥാനം ഉത്തർപ്രദേശിനാണ്, 13.73 ശതമാനം. അക്കൊല്ലം ഇന്ത്യയിലെ ആകെ ഉത്പാദനം 106.50 ദശലക്ഷം ടൺ ആയിരുന്നു. ഇതിൽ 15.31 ദശലക്ഷം ടൺ പശ്ചിമബംഗാളിന്റേയും 14.63 ദശലക്ഷം ടൺ ഉത്തർപ്രദേശിന്റേയും  ആയിരുന്നു. പശ്ചിമബംഗാൾ, ഉത്തർപ്രദേശ്, ആന്ധ്രാപ്രദേശ്, പഞ്ചാബ് എന്നീ നാല് സംസ്ഥാനങ്ങൾ ചേർന്നാൽ ഇന്ത്യയിലെ ആകെ നെല്ലുത്പാദനത്തിന്റെ പകുതി എത്തും. അതേസമയം നെല്ലുത്പാദനത്തിലും നെൽവയൽ വിസ്തൃതിയിലും കേരളം ഇന്ത്യൻ സംസ്ഥാനങ്ങളിൽ പതിനാറാം സ്ഥാനത്താണ്. **(പട്ടിക 4)**.

കേരളത്തിന്റെ ഭക്ഷ്യസുരക്ഷയെ നിർണ്ണായകമാംവിധം അപകടത്തിലാക്കിക്കൊണ്ടാണ് നമ്മുടെ നെൽവയൽ നാശത്തിന്റെ ഗതി മുന്നോട്ടുപോയത്. മുഖ്യാഹരമായ നെല്ലരി ആകെ ആവശ്യമുള്ളതിന്റെ 78 ശതമാനത്തിൽ അധികം ഉത്പാദിപ്പിക്കാൻ നമുക്ക് സാദ്ധ്യതയുണ്ടായിരുന്നു. കേരളത്തിൽ അത് 14 ശതമാനം ആയിക്കുറഞ്ഞതിന്റെ കാരണം നമ്മുടെ തെറ്റായ വികസനനയമല്ലാതെ മറ്റൊന്നുമല്ല. ഏതൊരു പ്രദേശത്തിന്റേയും അതിജീവനത്തിന്റേയും സുസ്ഥിരവികസനത്തിന്റേയും അടിസ്ഥാന ഘടകങ്ങളിലൊന്ന് അവിടുത്തെ ഭക്ഷ്യസുരക്ഷ തന്നെയാണ്. അതേസമയം ഭക്ഷ്യസുരക്ഷ ആ പ്രദേശത്തിന്റെ സ്ഥൂലവും സൂക്ഷ്മവുമായ നിരവധി ഘടകങ്ങളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത് എന്നതും വാസ്തവം തന്നെ. വെറും 14 ശതമാനം മാത്രം ഭക്ഷ്യധാന്യം ഉത്പാദിപ്പിച്ചുകൊണ്ട് ബാക്കിവരുന്ന ആവശ്യങ്ങൾക്കായി ഇതര സംസ്ഥാനങ്ങളടക്കമുള്ള സ്രോതസ്സുകളെ ആശ്രയിക്കുകയും ചെയ്യുന്ന കേരളം പൂർണ്ണമായും ഒരു ഉപഭോക്തൃ സംസ്ഥാനമാണ്.

ഭക്ഷ്യോത്പാദനം പരമാവധി വർദ്ധിപ്പിക്കുകയെന്നത് ഭക്ഷ്യസുരക്ഷയുടെ മുന്നുപാധിയാണ്. നെല്ലുത്പാദനവും പുരയിടകൃഷിയും അടക്കമുള്ള ഭക്ഷ്യോത്പാദന വ്യവസ്ഥകൾ സംരക്ഷിക്കുകയും നഷ്ടപ്പെട്ടത് പുനരുജ്ജീവിപ്പിക്കുകയും വേണം. കേരളത്തിന്റെ ഏറ്റവും പ്രധാനാഹാരം നെല്ലരിതന്നെ. പച്ചക്കറികൾ, നാളികേരം, ഫലവൃക്ഷങ്ങൾ എന്നിവകൂടി അടങ്ങുന്നതാണ് നമ്മുടെ ഭക്ഷ്യവ്യവസ്ഥ. അവയുടെ കാര്യത്തിലും കേരളം ഒട്ടും സുരക്ഷയില്ലാത്ത പ്രദേശമാണ്. അതേസമയം ഇപ്പോഴത്തെ നിലയിലാണ് മുന്നോട്ടുപോകുന്നതെ

⇨ ഏത് നിർമ്മാണപദ്ധതിക്കും വയൽ നികത്താതെ ബദലുണ്ടോ എന്ന പരിശോധിക്കണം ⇨

**പട്ടിക IV**
**ഇന്ത്യയിലെ നെല്ലുത്പ്പാദനം വിവിധ സംസ്ഥാനങ്ങളിൽ**
**(വിസ്തൃതി ദശലക്ഷം ഹെക്ടർ,ഉത്പ്പാദനം ദശലക്ഷം ടൺ)**

| സംസ്ഥാനം | വിസ്തൃതി | ഉത്പ്പാദനം | ഇന്ത്യൻ ഉത്പ്പാദനത്തിന്റെ % |
|---|---|---|---|
| പശ്ചിമബംഗാൾ | 5.50 | 15.31 | 14.37 |
| യു.പി | 5.98 | 14.63 | 13.73 |
| ഏ.പി | 4.51 | 13.03 | 12.23 |
| പഞ്ചാബ് | 2.85 | 11.27 | 10.58 |
| ഒഡിഷ | 4.18 | 7.58 | 7.12 |
| ഛത്തിസ്ഗഡ് | 3.80 | 6.72 | 6.30 |
| തമിൾനാട് | 1.79 | 5.54 | 5.20 |
| ബീഹാർ | 3.11 | 5.67 | 5.17 |
| അസം | 2.27 | 4.78 | 4.48 |
| ഹരിയാന | 1.23 | 4.00 | 3.75 |
| കർണ്ണാടക | 1.33 | 3.76 | 3.53 |
| മഹാരാഷ്ട്ര | 1.56 | 2.95 | 2.77 |
| എം.പി | 1.93 | 2.78 | 2.61 |
| ഝാർഖണ്ഡ് | 1.22 | 1.62 | 2.57 |
| ഗുജറാത്ത് | 0.79 | 1.62 | 1.52 |
| കേരളം | 0.20 | 0.56 | 3.60 |
| മറ്റുള്ളവ | 1.71 | 3.83 | 3.60 |

(അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്കസ് ,കാർഷിക മന്ത്രാലയം,ഭാരതസർക്കാർ)

ങ്കിൽ കേരളം സമ്പൂർണ്ണ വയൽ രഹിത സംസ്ഥാനമാകുമോ എന്ന ചോദ്യം ഉന്നയിക്കപ്പെടേണ്ടതുണ്ട്. നമുക്ക് രണ്ട് കണക്കുകൾ പരിശോധിക്കാം. 2016–17ലെ വയൽ വിസ്തൃതി മുതൽ മുൻവർഷത്തെ കണക്കുമായി താരതമ്യം ചെയ്താൽ ഇരുപത്തയ്യായിരം ഹെക്ടർ നെൽവയലാണ് ഈ ഒരൊറ്റക്കൊല്ലം നികത്തിയത് എന്ന് കാണാം. മുൻവർഷം 1.96 ലക്ഷം ഹെക്ടർ വയലുണ്ടായിരുന്നു കേരളത്തിൽ. 2017 മാർച്ച് ആയപ്പോൾ അത് 1.71 ലക്ഷം ഹെക്ടർ ആയിക്കുറഞ്ഞു. അതായത് ഒറ്റ വർഷം കൊണ്ട് 25,000 ഹെക്ടർ വയലിൽ കൃഷിയില്ലാതായി. ഈ തോതിൽ വയൽനാശം തുടർന്നാൽ അവശേഷിക്കുന്ന 1.71 ലക്ഷം ഹെക്ടർ നികത്തപ്പെടാൻ ആറ് വർഷവും 306 ദിവസവും 14 മണിക്കൂറും 24 മിനുട്ടും മതി.

2017 ഏപ്രിൽ ഒന്നു മുതൽ ഇത് എണ്ണിനോക്കിയാൽ 2024 ഫെബ്രുവരി ഒന്നാം തീയതി കേരളത്തിലെ മുഴുവൻ വയലും നികത്തപ്പെട്ടിരിക്കും. മറ്റൊരു കണക്ക് കൂടി നോക്കാം. നെൽവയൽ വിസ്തൃതിയിലെ 1970–71 ലെ 8.75 ലക്ഷം ഹെക്ടർ, 2016–17ലെ 1.7 ലക്ഷം ഹെക്ടർ എന്നീ കണക്കുകൾ പരി ശോധിക്കുക. ഇവിടെ 46 വർഷം കൊണ്ട് 7.04 ലക്ഷം ഹെക്ടർ വയലാണ് കൃഷി ചെയ്യാത്തതായി മാറിയത്. അതായത് പ്രതിവർഷം 115304.34 ഹെക്ടർ ഓരോ വർഷവും നഷ്ടപ്പെട്ടുകൊണ്ടിരുന്നു. ഈ നിരക്കനുസരിച്ച് 2016–17 വർഷം അവശേഷിച്ച 1.71 ലക്ഷം ഹെക്ടർ വയൽ പൂർണ്ണമായി കൃഷിയിൽ നിന്നകലാൻ പതിനൊന്ന് വർഷവും അറുപത്തിമൂന്ന് ദിവസവും ആറ് മണിക്കൂറും മതിയാകും. ഇത് മുൻപറഞ്ഞത് പോലെ കണക്കാക്കിയാൽ 2028 ജൂൺ 3ന് കേരളം നെൽവയലുകളുടെ കാര്യത്തിൽ സീറോ ഡേയിൽ എത്തും. ഈ സീറോ ഡേ 2024 ഫെബ്രുവരി ഒന്നിനും 2028 ജൂൺ 3 നും ഇടയിലാവാം. ഇത് ഗുരുതരമായ ഒരു പ്രതിസന്ധിയാണ്. നെൽവയൽ നികത്തപ്പെടുന്നത്മൂലം ഉണ്ടാകുന്ന ഉത്പാദന നഷ്ടം ഇതര സംസ്ഥാനത്ത് നിന്നും അരി വാങ്ങി പരിഹരിക്കാൻ കഴിഞ്ഞേക്കും. പക്ഷേ വയൽനാശം സൃഷ്ടിക്കുന്ന ജലക്ഷാമത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രശ്നങ്ങൾ പരിഹരിക്കാൻ നമുക്കൊരു മാർഗ്ഗവുമില്ല.

ഈ പ്രതിസന്ധി എങ്ങനെയുണ്ടായി എന്നതാണ് മൂന്നാമത്തെ കാര്യം. കേരളം പിന്തുടർന്ന പോരുന്ന വികസനശൈലിയാണിതിന്റെ അടിസ്ഥാനപ്രശ്നം. വയലുകൾ നികത്തി കെട്ടിടങ്ങളും റോഡുകളും നിർമ്മിക്കുക, കടൽത്തീരവും തീരക്കടലും നശിപ്പിച്ച് തുടരെത്തുടരെ തുറമുഖങ്ങൾ പണിയുക, വയലുകളും തോട്ടങ്ങളും കുന്നുകളും നശിപ്പിച്ച് വിമാനത്താവളങ്ങൾ പണിയുക തുടങ്ങിയ പ്രകൃതിവിഭവങ്ങൾ നഷ്ടപ്പെടുത്തിക്കൊണ്ടായാലും പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കുന്നതാണ് വികസനം എന്ന പൊതുബോധമാണ് കേരളത്തെ നയിച്ചുകൊണ്ടിരിക്കുന്നത്. ഈ പൊതുബോധത്തിന് അനുസൃതമായ വികസനനയമാണ്സർക്കാർ പിന്തുടരുന്നതും. ഉപഭോഗത്തിലും പ്രകൃതിവിഭവചൂഷണത്തിലും അധിഷ്ഠിതമായ ഈ വികസനശൈലി വിനാശകരമാണ് എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. അപ്പോൾ വികസനം വേണ്ടേ എന്ന ചോദ്യം പിന്നെയും ബാക്കി വരും. വയൽ നികത്തി വികസനം വേണ്ട എന്ന് തന്നെയാണ് ഉത്തരം. ഏത് നിർമ്മാണപദ്ധതിക്കും വയൽ നികത്താതെ ബദലുണ്ടോ എന്ന പരിശോധിക്കണം. ഒരു ബദലുമില്ലെങ്കിൽ ആ പദ്ധതിതന്നെ പുനരാലോചിക്കണം. കേരളീയർ വാങ്ങിയിട്ടിരിക്കുന്ന കാറുകൾ വയലിലൂടെ ഓടിക്കുമോ എന്ന് നവമാദ്ധ്യമങ്ങളിൽ പരിഹാസചോദ്യസം ഉയരുന്നുണ്ട്. ഈ മധ്യവർഗ്ഗത്തിന്റെ ഉപഭോഗതൃഷ്ണകൾ ശമിപ്പിച്ചുകൊടുക്കന്നതാണ് വികസനം എന്ന് കരുതുന്നതാണ് ഏറ്റവും വലിയ അപകടം. അതുകൊണ്ട് ഒരിഞ്ച് വയലും നികത്തില്ല എന്ന് തീരുമാനിക്കേണ്ട സമയമായി. ■